Ref. 3219/K-5/KCBC/OL/DS 16 August 2019

## 2019-ലെ മഴക്കെടുതി സംബന്ധിച്ച് കെസിബസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരരേ,

2019 ആഗസ്റ്റ് മാസം 5 മുതൽ കേരളത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ കനത്തമഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം ഇക്കൊല്ലവും നമ്മൾ ദുരിതദിനങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളെയും ഹൈറേഞ്ചു മേഖലയെയുമാണ് മഴക്കെടുതി തീവ്രമായി ബാധിച്ചത്. ഓഗസ്റ്റു 16 വരെ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 108 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഒലിച്ചുപോയവരിൽ മുപ്പത്തിയഞ്ചോളം പേരുടെ മൃതദേഹങ്ങൾ കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ക്യാമ്പുകളിൽ കഴിയുന്ന രണ്ടു ലക്ഷത്തോളം ആളുകൾ ദുരിതങ്ങളുടെയും നഷ്ടങ്ങളുടെയും ഭാരം പേറുന്നവരാണ്. അവരിൽ പലർക്കും ഉറ്റവരും ഉടയവരും വീടുകളും കൃഷിയും ആടുമാടുകളും കൃഷിഭൂമിയുമുൾപ്പെടെ ജീവിതത്തിന്റെ ഊടും പാവുമായിരുന്നവയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

കേരള സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും പോലീസ് സേനയും സൈന്യവും, ഒപ്പം മുൻവർഷത്തേതുപോലെ നാടിന്റെ നന്മ വിളിച്ചറിയിച്ചുകൊണ്ട് ധാരാളം സന്നദ്ധപ്രവർത്തകരും ദുരിതബാധിതരുടെ സഹായത്തിനെത്തി. ദുരിതമേഖലയിലെ നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സന്ന്യാസഭവനങ്ങളും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സജീവമായി രംഗത്തുണ്ടായി. മത്സ്യത്തൊഴിലാളികളും യുവജനങ്ങളും വൈദികരും സന്ന്യസ്തരും ആരോഗ്യ പ്രവർത്തകരുമെല്ലാം സർക്കാർ സംവിധാനങ്ങളോടു കൈകോർത്തു. ജാതിമതഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളും സഹായഹസ്തങ്ങൾ നീട്ടിയത് ദുരിതബാധിതർക്ക് കുറെയെങ്കിലും ആശ്വാസം പകരുന്നതാണ്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കാം. വേർപാടിന്റെയും നഷ്ടങ്ങളുടെയും ഭാരവും വേദനയും പേറുന്നവരുടെ ആശ്വാസത്തിനും പുനരധിവാസത്തിനുമായി ആത്മാർത്ഥമായി സഹകരിക്കാം. ദുരിതമേഖലയിൽ കത്തോലിക്കാസഭയുടെ സാമൂഹ്യക്ഷേമവിഭാഗം സജീവമായിരുന്നു. കെസിബിസി സാമൂഹ്യക്ഷേമവിഭാഗം ചെയർമാൻ ആർച്ചുബിഷപ്പ് തോമസ് മാർ കുറിലോസും ദുരിത മേഖലയിലെ സഭാപിതാക്കന്മാരും കേരള സോഷ്യൽ സർവ്വീസ് ഫോറവും ബത്തേരി, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി, പാലക്കാട്, തലശ്ശേരി, താമരശ്ശേരി തുടങ്ങിയ സോഷ്യൽസർവ്വീസ് സൊസൈറ്റികളുടെ ഭാരവാഹികളും അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കെസിബിസി അടിയന്തരസഹായമായി 10 ലക്ഷം രൂപ അനുവദിച്ചു. കെസിബിസിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവന നല്കാൻ എല്ലാ ഇടവകകളെയും രൂപതകളെയും സ്ഥാപനങ്ങളെയും സന്ന്യാസസമൂഹങ്ങളെയും ആഹ്വാനം ചെയ്യുന്നു.

2018-ലെ പ്രളയദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട സമർപ്പണം 2019 ആഗസ്റ്റ് 5-ന് പിഒസിയിൽ നടന്നു. കാരിത്താസ് ഇന്ത്യയടക്കം വിവിധ ഏജൻസികൾ ഇക്കാര്യത്തിൽ നമുക്ക് കൈത്താങ്ങായി . അൻപതിനായിരത്തോളം കുടുംബങ്ങളിൽ ചെറുതും വലുതുമായ സഹായമെത്തിക്കാൻ കേരളത്തിലെ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു. ഇതിന്റെ വിശദമായ റിപ്പോർട്ടും കണക്കും

കേരളസോഷ്യൽ സർവ്വീസ് ഫോറം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ നമ്മുടെ വിശ്വാസികൾ പുലർത്തിയ സഹോദരസ്നേഹവും സഹാനുഭൂതിയും മാതൃകാപരമായിരുന്നു.

ആഗസ്റ്റ് 25-ാം തീയതി പ്രർത്ഥനാദിനമായി ആചരിക്കാനും അന്നത്തെ കാണിക്കയും സമാഹരിക്കാൻ കഴിയുന്ന മറ്റു സംഭാവനകളും ആഗസ്റ്റ് 31-നകം കെസിബിസിയുടെ അക്കൗണ്ടിൽ (Kerala Catholic Bishops' Council; A/c No.0423053000005221; IFSC: SIBL0000423; South Indian Bank Ltd., Vennala Branch) നിക്ഷേപിച്ച് വിവരം കെസിബിസി സെക്രട്ടറിയേറ്റിൽ (പിഒസി) അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**N.B.** 2019 ആഗസ്റ്റ് 18-ാം തീയതിയോ ഏറ്റവും അടുത്ത സൗകര്യപ്രദമായ ദിവസമോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.